# കൂദാശാനുകരണങ്ങൾ (2)

**ഫാ.ജോർജ് ദാനവേലിൽ**

**വെഞ്ചരിപ്പുകളും ആശീർവാദങ്ങളും**

വെഞ്ചരിപ്പുകളും ആശീർവാദങ്ങളും വഴി ദൈവകൃപയാൽ വ്യക്തികളും, സ്ഥലങ്ങളും, വസ്തുക്കളും തിന്മയിൽ നിന്നും തിന്മയുടെ ശക്തിയിൽ നിന്നും വിമുക്തരാക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം തിന്മയുടെ ശക്തികളെ അതിജീവിച്ച് വിശുദ്ധ ജീവിതം നയിക്കുവാൻ വ്യക്തികളെ ഇവ പ്രാപ്തരാക്കുകയും ചെയ്യുന്നു. സന്യാസാശ്രമങ്ങളുടെ അധിപൻമാരുടെയും അധിപകളുടെയും ആശീർവാദം, സന്യാസ വ്രതവാഗ്ദാനം, ചില സഭാശുശ്രൂഷകരുടെ (വായനക്കാർ, സഹായികൾ, വിശ്വാസപരിശീലകർ) ആശീർവാദം തുടങ്ങിയവയെല്ലാം വ്യക്തികൾക്കുനല്കുന്ന ആശീർവാദത്തിന് ഉദാഹരണങ്ങളാണ്.

ജലം, തൈലം, തിരുസ്വരൂപങ്ങൾ എന്നിവയുടെ ആശീർവാദം, വീട് വെഞ്ചരിപ്പ്, തിരുവസ്ത്രങ്ങളുടേയും പാത്രങ്ങളുടേയും വെഞ്ചരിപ്പ്, സെമിത്തേരി വെഞ്ചരിപ്പ് തുടങ്ങിയവയെല്ലാം സ്ഥലങ്ങളും, വസ്തുക്കളും ആശീർവാദിക്കുന്നതിന് ഉദാഹരണങ്ങളാണ്. സഭ ആശീർവാദങ്ങളിലൂടെ വ്യക്തികളെ ദൈവത്തിനായി പ്രതിഷ്ഠിക്കുകയും വസ്തുക്കളെയും സ്ഥലങ്ങലെയും ആരാധനയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്യുന്നു.

**പിശാചു ബഹിഷ്കരണ കർമ്മം.**

ദുഷ്ടാരൂപിയുടെ ശക്തിയിൽ നിന്ന് ഒരു വ്യക്തിയേയോ വസ്തുവിനേയോ സംരക്ഷിക്കണമെന്നും അവന്റെ ആധിപത്യത്തിൽ നിന്ന് വിടുവിക്കണമെന്നും മിശിഹായുടെ നാമത്തിൽ പരസ്യമായും ആധികാരികമായും നടത്തുന്ന ശുശ്രൂഷയാണ് പിശാചു ബഹിഷ്കരണ കർമ്മം. ഈശോ പിശാചുക്കളെ ബഹിഷ്കരിച്ചിരുന്നു. അവിടുന്നിൽ നിന്നാണ് സഭ പിശാചു ബഹിഷ്കരണത്തിനുള്ള ശക്തിയും ദൗത്യവും സ്വീകരിച്ചിരിക്കുന്നത്. മാമോദീസാ വേളയിൽ സഭ ലഘുരൂപത്തിലുള്ള പിശാചു ബഹിഷ്കരണം നടത്തുന്നുണ്ട്. എന്നാൽ വലിയ പിശാചു ബഹിഷ്കരണം എന്നു വിളിക്കുന്ന ആഘോഷപൂർവ്വകമായ പിശാചു ബഹിഷ്കരണം മെത്രാന്റെ അനുവാദത്തോടെ ഒരു പുരോഹിതനു മാത്രമേ നടത്തുവാൻ പാടുള്ളു. ഈശോ, സഭക്കു ഭരമേൽപ്പിച്ചിട്ടുള്ള ആത്മീയ വരം ഉപയോഗിച്ച് പിശാചുക്കളെ പുറത്താക്കുകയോ, അല്ലെങ്കിൽ പൈശാചികബാധയിൽ നിന്നും മോചിപ്പിക്കുക എന്നതാണ് പിശാചുബഹിഷ്കരണ കർമ്മം കൊണ്ട് ഉദ്ദേശിക്കുന്നത് (1673).

## പൊതുജനഭക്തി

തിരുശേഷിപ്പുവന്ദനം, വിശുദ്ധസ്ഥല സന്ദർശനങ്ങൾ, തീർത്ഥാടനങ്ങൾ, പ്രദക്ഷിണങ്ങൾ, കുരിശിന്റെ വഴി, മതപരമായ നൃത്തങ്ങൾ, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങളെ പൊതുജനഭക്തി എന്നാണു മതബോധനഗ്രന്ഥം വിശേഷിപ്പിക്കുക. സഭയുടെ ആരാധനാക്രമം അതിന്റെ സ്വഭാവത്താൽത്തന്നെ ഏതൊരു ഭക്താഭ്യാസത്തെക്കാളും അത്യന്തം ശ്രേഷ്ഠമാണെങ്കിലും വിശ്വാസികളുടെയിടയിൽ പ്രചാരത്തിലുള്ള ഭക്തകൃത്യങ്ങളെയും പൊതുജനഭക്തിയെയും പരിഗണിക്കണമെന്നും എന്നാൽ ഇവയെ സംരക്ഷിക്കുന്നതിനും പോഷിപ്പിക്കുന്നതിനും അജപാലനപരമായ വിവേചനബുദ്ധി ആവശ്യമാണെന്നും മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. സഭയിലെ ഭക്തിപ്രകടനങ്ങളെല്ലാം സഭയുടെ ആരാധനാകാലങ്ങളോട് ഒത്തു പോകുന്ന വിധത്തിലും വിശുദ്ധ ആരാധനാക്രമത്തോടു പൊരുത്തപ്പെടുന്നരീതിയിലും ചിട്ടപ്പെടുത്തണമെന്നും ഇവയുടെ അനുഷ്ഠാനം മെത്രാൻമാരുടെ മേൽനോട്ടത്തിനും തീരുമാനത്തിനും സഭയുടെ പൊതുചട്ടങ്ങൾക്കും വിധേയമായിരിക്കുമെന്നും മതബോധനഗ്രന്ഥം കൂട്ടിച്ചേർക്കുന്നു (1674–1679).

## മൃതസംസ്കാര കർമ്മം

സഭയിലെ എല്ലാകൂദാശകളും പ്രത്യേകമായി ക്രൈസ്തവപ്രാരംഭകൂദാശകൾ ദൈവമക്കളുടെ മരണത്തിലൂടെയുള്ള അന്തിമകടന്നുപോകലിനെ ലക്ഷ്യം വയ്ക്കുന്നു. ഈ കടന്നുപോകലിലൂടെ എത്തിച്ചേരുക ദൈവരാജ്യത്തെ ജീവിതത്തിലേക്കാണ്. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാകുന്ന പെസഹാരഹസ്യത്തിന്റെ വെളിച്ചത്തിലാണു മരണത്തിന്റെ ക്രൈസ്തവമായ അർത്ഥം വെളിപ്പെടുക. യേശുക്രിസ്തുവിൽ മരിക്കുന്ന ക്രിസ്ത്യാനി ശരീരത്തിൽ നിന്നു പുറപ്പെട്ടു കർത്താവിന്റെ സന്നിധിയിലാകുന്നു (1680–1682).

മൃതസംസ്കാര കർമ്മം സഭയുടെ ഒരു പ്രധാന ആഘോഷമാണ്. പരേതനുമായി യഥാർത്ഥ കൂട്ടായ്മ പ്രദർപ്പിക്കുവാനും മൃതസംസ്കാരത്തിൽ സന്നിഹിതരായിരിക്കുന്ന സമൂഹത്തിന്റെ കൂട്ടായ്മയിൽ എല്ലാവരേയും പങ്കുചേർക്കാനും ഈ സമൂഹത്തോടു നിത്യജീവൻ പ്രഘോഷിക്കാനും സഹായിക്കുന്ന സഭയുടെ ഒരു ശുശ്രൂഷയാണ്. ക്രൈസ്തവനെ സംബന്ധിച്ച് മരണം ഒരു കടന്നു പോകലാണ്. ഈ ലോകജീവിതത്തിൽ നിന്നും സ്വർഗ്ഗീയ ജീവിതത്തിലേക്കുള്ള കടന്നു പോകലാണിത്. മൃതസംസ്കാര കർമ്മങ്ങൾ പ്രധാനമായും ക്രൈസ്തവ മരണത്തിന്റെ പെസഹാ സ്വഭാവം വ്യക്തമാക്കുന്നു.ഓരോ പ്രദേശത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായിട്ടാണ് അവ രൂപപ്പെടുത്തിയിരിക്കുന്നത്.

കൂദാശകൾ കഴിഞ്ഞാൽ ക്രിസ്തുശിഷ്യരുടെ ജീവിതത്തെ ഏറ്റവുമധികം ധന്യമാക്കുവാൻ കഴിവുള്ള കർമ്മങ്ങളാണ് കൂദാശാനുകരണങ്ങൾ. അവയെ വിശ്വാസത്തോടും ഒരുക്കത്തോടും കൂടെ സ്വീകരിച്ച് ദൈവകൃപയാൽ നിറയാൻ കൂദാശാനുകരണങ്ങളെക്കുറിച്ചുള്ള അറിവു നമ്മെ സഹായിക്കട്ടെ.